(സി) കൃത്യമായ കണക്കുകൾ അടങ്ങിയ റിപ്പോർട്ട് തയ്യാറാക്കിവരുന്നതേയുള്ളൂ.

52 (3509) പി.എ.പി. കരാർ

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല സേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1970 മുതൽ ഇതുവരെ പി.എ.പി.കരാർ പ്രകാരം പ്രതിവർഷം മണക്കടവ് വിയറിൽനിന്നും കേരളത്തിന് ലഭിക്കുന്ന ജലത്തിന്റെ അൺകൺട്രോൾഡ് ഫ്ളഡ് വാട്ടർ എത്രയുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇങ്ങനെ ലഭിക്കുന്ന ജലം കേരളത്തിന് ഉപയോഗപ്രദമാകുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) എങ്കിൽ എങ്ങനെയെന്നും, എത്രയെന്നും ഇല്ലെങ്കിൽ എന്തുകൊണ്ടെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 1970 മുതൽ 1997-98 വരെയുള്ള വർഷങ്ങളിൽ മണക്കടവ് വിയറിൽ ആകെ ഒഴുകിയെത്തിയത് 311.817 ടി.എം.സി.ഫീറ്റ് ജലമാണ്. ഇതിൽ പി.എ.പി. യിലെ അലിയാർ, തിരുമൂർത്തി റിസർവോയറുകളിൽ തടഞ്ഞു നിർത്താൻ പറ്റാതെ പുറത്തേയ്ക്കുവിട്ട അൺകൺട്രോൾഡ് ഫ്ളഡ് വാട്ടർ (പ്രളയജലം) 42.463 ടി.എം.സി. ഫീറ്റ് ആണ്.

(ബി) ഇങ്ങനെ ലഭിക്കുന്ന ജലം ചിറ്റൂർപ്പുഴ പദ്ധതിവഴി കൃഷിക്ക് ഉപയോഗിക്കുന്നു.

(സി) അനിയന്ത്രിത പ്രളയജലമായി ലഭിക്കുന്ന ഈ ജലം മീൻകര, ചുള്ളിയാർ എന്നീ ജലസംഭരണികളിലും നിലവിലുള്ള 'ഏറി'കളിലും ശേഖരിച്ച് ഉപയോഗിക്കുന്നതിനാൽ ഇതിന് വ്യക്തമായ കണക്കുകളില്ല.

53 (3511) ഗ്രാമ പഞ്ചായത്തിൽ ശുദ്ധജല വിതരണം നടത്തുവാൻ ഉദ്ദേശിച്ചിട്ടുള്ള ജലവിതരണ പദ്ധതികൾ

ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീ. കെ.പി. വിശ്വനാഥൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വാട്ടർ അതോറിറ്റി ഒരു ഗ്രാമ പഞ്ചായത്തിൽ മാത്രം ശുദ്ധജലവിതരണം നടത്തുവാൻ ഉദ്ദേശിച്ചുകൊണ്ട് എത്ര ജലവിതരണപദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്;

(ബി) ഈ ജലവിതരണ പദ്ധതിക്കുവേണ്ടിയുള്ള മൊത്തം മുതൽക്കൂട്ട് എത്രയാണ്;

(സി) ഇത്തരത്തിൽപ്പെട്ട ജലസേചന പദ്ധതികൾ ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുകൾക്ക് കൈമാറാൻ ഉദ്ദേശിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) എങ്കിൽ എന്നത്തേക്ക് കൈമാറുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) 1093 പദ്ധതികൾ

(ബി) 13670.375 ലക്ഷം രൂപ

(സി) ശുദ്ധജലവിതരണപദ്ധതികൾ ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറാൻ ഉദ്ദേശിക്കുന്നുണ്ട്.

(ഡി) ഈ പദ്ധതികൾ കൈമാറുന്നതിന് പഞ്ചായത്തുകളുടെ സമ്മതപത്രം ആവശ്യമാണ് അതു ലഭിച്ചുകഴിഞ്ഞാലുടൻ പദ്ധതികൾ കൈമാറാൻ ഉള്ള നടപടികൾ സ്വീകരിക്കുന്നതാണ്. സമ്മതപത്രത്തിനുവേണ്ടി എല്ലാ പഞ്ചായത്തുകൾക്കും എഴുതിയിട്ടുണ്ട്.

54 (3512) യൂറോപ്യൻ യൂണിയന്റെ സാമ്പത്തിക സഹായത്തോടെ മൈനർ ഇറിഗേഷൻ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതി

ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല സേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യൂറോപ്യൻ യൂണിയന്റെ സാമ്പത്തിക സഹായത്തോടെ സംസ്ഥാനത്തെ മൈനർ ഇറിഗേഷൻ വകുപ്പുവഴി നടപ്പിലാക്കുന്ന പദ്ധതിയുടെ പുരോഗതി ഏതുവരെയായിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതിയുടെ മൊത്തം പദ്ധതി തുക എത്രകോടി രൂപയാണ്; ഇതിൽ യൂറോപ്യൻ യൂണിയന്റെ വിഹിതം എത്ര ശതമാനമാണ്; കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിഹിതം എത്രശതമാനം വീതമാണ്;

(സി) വിവിധ പദ്ധതികളുടെ പ്രവർത്തനത്തിനായി യൂറോപ്യൻ യൂണിയൻ ഗ്രാന്റ് ഇനത്തിലാണോ സംഖ്യ അനുവദിക്കുന്നത്; എങ്കിൽ നിബന്ധനകൾ എന്തെങ്കിലും ഉണ്ടോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വിവിധ ജില്ലകളിൽനിന്നും ഇതുവരെയായി 937 പദ്ധതികളാണ് ജില്ലാതല കമ്മിറ്റി അംഗീകാരം നൽകി പ്രോജക്ട് മാനേജ്മെന്റിന് നൽകിയത്. അവയിൽ 551 പദ്ധതികൾ സാങ്കേതികവും സാമൂഹ്യവുമായി വിലയിരുത്തി അനുയോജ്യമാണെന്നുകണ്ട 509 പദ്ധതികളിൽ 227 പദ്ധതികൾക്ക് ഇതുവരെയായി സംസ്ഥാനതല അംഗീകാരം ലഭിച്ചു. 208 പദ്ധതികൾക്ക് കർഷകസമിതി രൂപീകരിച്ചിട്ടുണ്ട്. 133 പദ്ധതികൾ പൂർത്തിയായി. 70 എണ്ണത്തിന്റെ പണി വിവിധ ഘട്ടങ്ങളിലാണ്.

(ബി) ഈ പദ്ധതിയുടെ മൊത്തം തുക 52.00 കോടി രൂപയാണ്. ഇതിൽ യൂറോപ്യൻ യൂണിയന്റെ വിഹിതം ഏകദേശം 80 ശതമാനമാണ്. ബാക്കി മുഴുവൻ ചെലവും സംസ്ഥാന സർക്കാർ വഹിക്കുന്നു. അതായതു ഏകദേശം 20 ശതമാനം കേന്ദ്രവിഹിതം ഒന്നും ലഭിക്കുന്നില്ല.

(സി) ഗ്രാന്റ് ഇനത്തിലാണ് സംഖ്യ അനുവദിക്കുന്നത്. നിബന്ധനകൾ താഴെപ്പറയും പ്രകാരമാണ്.

LIBRARY ARCHIVES Kerala Legislative Assembly